ഉത്തരം

ഇത് പട്ടികജാതി വികസന വകുപ്പ്, അംഗീകരിച്ചിട്ടുള്ള കോളനിയല്ല. ഒരു സെറ്റിൽമെന്റ് മാത്രമാണ്, ഇവിടെ പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

തോപ്പിൽമുക്ക് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1771 [2693] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ തോപ്പിൽമുക്ക് ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജകമണ്ഡലത്തിൽ തോപ്പിൽമുക്ക് എന്നൊരു അംഗീകൃത ഹരിജൻ കോളനിയില്ല. അതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

കുന്നത്തുപുറ ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1772 [2694] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കുന്നത്തുപുറ ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജകമണ്ഡലത്തിൽ കുന്നത്തുപുറ ഒരംഗീകൃത ഹരിജൻ കോളനിയല്ല. അവിടെ പ്രത്യേക പരിപാടികളൊന്നും നടപ്പിലാക്കിയിട്ടുമില്ല.

കുന്നത്താകോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1773 [2695] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കുന്നത്താകോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കുന്നത്താകോണത്തുള്ളത് ഹരിജൻ സങ്കേതമാണ്; ഹരിജൻ കോളനിയല്ല. ഇവിടത്തെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly